**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2943** | **28-02-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ദേശീയ പാതയിൽ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ അടക്കമുള്ള കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ദേശീയ പാതയിൽ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നും യഥാസമയം അനുമതി ലഭിക്കാത്തത് കാരണം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മണ്ഡലത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 966, എൻ. എച്ച് 66 എന്നീ ദേശീയ പാതകളിൽ എവിടെയെല്ലാം വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്കുള്ള പൈപ്പിടൽ അനുമതിക്കായി അപേക്ഷ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മണ്ഡലത്തിനുകീഴിൽ നാല്പ പ്രവൃത്തികൾ ക്കാണ് എൻ.എച്ച്.എ.ഐയിൽ റോഡ് കട്ടിംഗ് അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ദേശീയ പാത അതോറിറ്റിയുമായി ഇത് സംബന്ധിച്ച് മന്ത്രിതല യോഗം ചേർന്ന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതി നിർവഹണത്തിന്റെ ഏകോപന ത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി ഇത്തരം അനുമതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.മാരുടെയും ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ദേശീയ പാത അതോറിറ്റിയുടെ അനുമതി ലഭിക്കുന്നതിന് മാത്രമായി കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | യോഗങ്ങൾ ചേർന്ന് അതോറിറ്റിക്ക് നിർദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കൊണ്ടോട്ടി മണ്ഡലത്തിൻ കീഴിൽ എൻ.എച്ച്.എ.ഐ. റോഡ് കട്ടിംഗിന് അനുമതിയ്ക്കായി സമർപ്പിച്ച പദ്ധതികളുടെ വിശദവിവരങ്ങളും അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളും

1. ജല ജീവൻ മിഷൻ - ചെറുകാവ് ഗ്രാമ പഞ്ചായത്ത്
   എൻ.എച്ച് 966 – ചെയിനേജ് – കി.മീ. 18/000 മുതൽ 22/125 വരെ – 4.125 കി.മീ.

2. ജല ജീവൻ മിഷൻ - പുളിക്കൽ ഗ്രാമ പഞ്ചായത്ത്
   എൻ.എച്ച് 966 – ചെയിനേജ് – കി.മീ. 22/200 മുതൽ 24/720 വരെ– 2.570 കി.മീ.

മേൽ പറഞ്ഞ 2 പദ്ധതികൾക്ക് 16.08.2022, 15.12.2022 തീയതികളിൽ 2 തവണ അപേക്ഷ സമർപ്പിച്ചുവെങ്കിലും അനുമതി ലഭ്യമായിരുന്നില്ല. തുടർന്ന് വീണ്ടും സംയുക്ത പരിശോധന നടത്തുകയും റിവൈസ്ഡ് പ്രൊപ്പോസൽ 17.02.2023-ന് സമർപ്പിച്ചിട്ടുള്ളതുമാണ്.

3. ജല ജീവൻ മിഷൻ - വാഴയൂർ ഗ്രാമ പഞ്ചായത്ത്
   എൻ.എച്ച് 66 – ചെയിനേജ് – കി.മീ. 255/540 അഴിഞ്ഞിലം റോഡ് ക്രോസിംഗ് വർക്ക്.

08.12.2022 തീയതിയിൽ ലൈസൻസ് ഫീസും, ബാങ്ക് ഗ്യാരണ്ടിയും എൻ.എച്ച്.എ.ഐ.യിൽ സമർപ്പിച്ചിട്ടുണ്ട്. സംയുക്ത പരിശോധനക്കുശേഷം തത്വത്തിൽ അനുമതി ലഭ്യമായിട്ടുണ്ട്.

4. കിഫ്ബി–കൊണ്ടോട്ടി മുനിസിപ്പാലിറ്റി
   എൻ.എച്ച് 966 – ചെയിനേജ് – കി.മീ. 25/400 മുതൽ 35/000 വരെ –9.60 കി.മീ.

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ ഡിമാന്റ് നോട്ട് പ്രകാരം 17.02.2021 തീയതിയിൽ റോഡ് കട്ടിംഗ് അനുമതിക്കായി ലൈസൻസ് ഫീസ് അടവാക്കിയിരുന്നു. എന്നാൽ പ്രസ്തുത റോഡ് എൻ.എച്ച്.എ.ഐ.ക്ക് കൈമാറിയതിനാൽ പ്രവൃത്തിക്ക് അനുമതി ലഭ്യമായില്ല. തുടർന്ന് എൻ.എച്ച്.എ.ഐ.യിൽ അപേക്ഷ സമർപ്പിക്കുകയും സംയുക്ത പരിശോധനക്കും, ചർച്ചക്കും ശേഷം അനുമതി ലഭ്യമാകുന്നതിന് ലൈസൻസ് ഫീസും ബാങ്ക് ഗ്യാരണ്ടിയും അടക്കുവാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത തുക അടവാക്കുന്നതിനായി 17.12.2021 ന് അടവാക്കിയ തുകയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.